## കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും നൈപുണ്യവും(എച്ച്) വകുപ്പ്

സ.ഉ (സാധാ) 511/2018/തൊഴിൽ തിയതി 30/04/2018

---

പരാമർശം: - 1) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.03.2018 ൽ വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയിലെ തീരുമാ നങ്ങൾ

2) 26/04/2018 ലെ ലേബർ കമ്മീഷണറുടെ ഇ.എൻ.എഫ്.(1)2726/2018 നമ്പർ കത്ത്.

.....

കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ അമിതകൂലി ആവശ്യപ്പെടുക, ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുക എന്നീ അനഭിലഷണീയമായ ചില പ്രവണതകൾ നിലനിൽക്കുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ചില തൊഴിൽ മേഖലകളിൽ തൊഴിലാളികളെ വിതരണം ചെയ്യാനുള്ള അവകാശം ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണതകൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുഗുണമാവും വിധമുള്ള സംരംഭകത്വത്തിന്റെ വളർച്ചയ്ക്ക് വിഘാതമാവുന്നു എന്ന് വിലയിരുത്തപ്പെട്ട സാഹചര്യത്തിൽ ഇത്തരത്തിലുള്ള അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ മേഖലയിൽ ഊട്ടിയുറപ്പിക്കുവാനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കയറ്റിറക്ക് കൂലി അതാത് ജില്ലകളിൽ ജില്ലാ ലേബർ ആഫീസർമാർ ഉത്തരവാക്കിയ ഏകീകൃത കൂലി പട്ടിക അടിസ്ഥാനപ്പെടുത്തി നൽകേണ്ടതാണ്. പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ഉഭയകക്ഷി കരാറുകളെ അടിസ്ഥാനപ്പെടുത്തി കൂലി നൽകേണ്ടതാണ്.

2. ചുമട്ടുതൊഴിലാളി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായ ഗാർഹികാവശ്യത്തിനുള്ള കയറ്റിറക്ക്, കാർഷികോൽപ്പന്നങ്ങളുടെ കയറ്റിറക്ക് എന്നിവയ്ക്ക് തൊഴിലുടമയ്ക്ക് ഇഷ്ടമുള്ളവരെ ജോലിക്ക് നിയോഗിക്കാവുന്നതാണ്. എന്നാൽ അംഗീകൃത ചുമട്ടുതൊഴിലാളികളെ നിയോഗിക്കുന്ന പക്ഷം അതാത് മേഖലയിലെ നിശ്ചയിക്കപ്പെട്ട കൂലി നൽകേണ്ടതാണ്.

3. ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടാനും കൈപ്പറ്റാനും പാടില്ല ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. ചുമട്ടുതൊഴിൽ ചെയ്യുമ്പോൾ തൊഴിലാളികൾ നിർബന്ധമായും തൊഴിൽ വകുപ്പ് / ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് നൽകുന്ന തിരിച്ചറിയൽ കാർഡ് കൈവശം വയ്ക്കേണ്ടതാണ്.

5. കയറ്റിറക്കിന് വാങ്ങുന്ന കൂലിക്ക് കൺവീനർ / പൂൾ ലീഡർ, ഒപ്പിട്ട ഇനം തിരിച്ചുള്ള രസീത് തൊഴിലുടമയ്ക്ക് നൽകേണ്ടതാണ്.

6. നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ അധിക/അമിത കൂലി കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളി നിയമപ്രകാരം പരിഗണിച്ച് പണം തിരികെ വാങ്ങിക്കൊടുക്കാൻ അസിസ്റ്റന്റ് ലേബർ ആഫീസർമാർ / ജില്ലാ ലേബർ ആഫീസർമാർ സത്വര നടപടി സ്വീകരിക്കണം. ആവശ്യമാകുന്ന സാഹചര്യത്തിൽ ക്ഷേമബോർഡിന് കീഴിൽ പൂൾ ചെയ്ത പദ്ധതിയിൽ അംഗങ്ങളായവരാണെങ്കിൽ ക്ഷേമബോർഡ് മുഖേനയും അല്ലാത്തപക്ഷം റവന്യൂ റിക്കവറിയിലൂടെയും പണം ഈടാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

7. ഏതെങ്കിലും തൊഴിൽ മേഖലയിൽ ജോലി ചെയ്യാനുള്ള അവകാശമുന്നയിച്ചുകൊണ്ടോ ഉയർന്ന കൂലി നിരക്കുകൾ ആവശ്യപ്പെട്ടുകൊണ്ടോ തൊഴിലുടമയേയോ ഉടമയുടെ പ്രതിനിധികളെയോ ഭീഷണിപ്പെടുത്തുകയോ കയ്യേറ്റം ചെയ്യുകയോ വസ്തുവകകൾ നശിപ്പിക്കുകയോ മറ്റു തരത്തിലുള്ള തടസ്സം സൃഷ്ടിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിയമപരമായ തർക്കങ്ങൾ നിലനിൽക്കുന്ന സംഗതികളിൽ ജില്ലാ ലേബർ ആഫീസർമാർ ചുമട്ട് തൊഴിലാളി നിയമ പ്രകാരം തീരുമാനമെടുത്ത് കക്ഷികളെ അറിയിക്കേണ്ടതും ആവശ്യമുള്ള പക്ഷം പോലീസിന് വിവരം നൽകേണ്ടതുമാണ്.

8. ട്രേഡ് യൂണിയനുകൾ തൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് മുൻകൈ പ്രവർത്തനം സംഘടിപ്പിക്കേണ്ടതും ചില മേഖലകളിൽ യൂണിയനുകൾ തൊഴിലാളികളെ വിതരണം ചെയ്യുന്ന പ്രവണത കർശനമായി അവസാനിപ്പിക്കേണ്ടതുമാണ്. ട്രേഡ് യൂണിയനുകൾ ഈ വിഷയം സംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം വളർത്താൻ മുൻകൈ എടുക്കേണ്ടതാണ്.

9. പൊതുജനങ്ങൾ തൊഴിൽ സംബന്ധമായ നിയമവിരുദ്ധ പ്രവണതകൾക്കെതിരെ ജാഗ്രത പാലിക്കേണ്ടതും ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ വിഷയം കൊണ്ടുവന്ന് നിയമപരമായ പരിഹാരം തേടേണ്ടതുമാണ്.

10. ജില്ലാതല കൂലി പട്ടികകൾ പത്ര-ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖാന്തിരം ജില്ലാ ലേബർ ആഫീസർമാർ പ്രസിദ്ധപ്പെടുത്തുന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലയിലെ റസിഡന്റ്സ് അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ മുഖാന്തിരം കൂലി നിരക്കുകളും, മാർഗ്ഗനിർദ്ദേശങ്ങളും പൊതുജനങ്ങൾക്കിടയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ടോം ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ,വ്യവസായവും വാണിജ്യവും വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ആഭ്യന്തര വകുപ്പ്
വ്യവസായ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.